**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **12-10-2021 - ൽ മറുപടിയ്ക്ക്**

**കൃഷിയിടത്തിലെ ചെറുപാറകൾ പൊട്ടിക്കാൻ നൽകിയ അപേക്ഷ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീമതി ലിസമ്മ സെബാസ്റ്റ്യൻ എന്ന വ്യക്തി കൃഷിയിടത്തിലെ ചെറുപാറകൾ പൊട്ടിക്കാൻ നൽകിയ അപേക്ഷയുടെ (ഫയൽ നമ്പർ IND-A3/411/2020-IND) ഇപ്പോഴത്തെ അവസ്ഥയെന്താണ്; ടിയാൾ എന്നാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീമതി. ലിസമ്മ സെബാസ്റ്റ്യൻ 12.12.2019 ൽ സമർപ്പിച്ച അപേക്ഷ, കോട്ടയം ജില്ലാ ജിയോളജിസ്റ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി കെ.എം.എം.സി. 2015, ചട്ടം 104 പ്രകാരം സർക്കാർ അനുമതിക്ക് ശുപാർശ ചെയ്തുകൊണ്ട് 11.12.2020-ലെ കത്ത് മുഖേന മൈനിങ് & ജിയോളജി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി. ലിസമ്മ സെബാസ്റ്റ്യന്റെ പ്രസ്തുത ആവശ്യത്തിന്മേലുള്ള അനിവാര്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ടി റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലാണ് ഫയൽ തീർപ്പാക്കാൻ സാധിക്കാത്തത്. |
| (ബി) | ഒന്നരവർഷത്തിലധികമായി പ്രസ്തുത ഫയലിൽ തീർപ്പ് കൽപ്പിക്കാതെയിരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രീമതി. ലിസമ്മ സെബാസ്റ്റ്യൻ 12.12.2019 ൽ സമർപ്പിച്ച അപേക്ഷ, കോട്ടയം ജില്ലാ ജിയോളജിസ്റ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി കെ.എം.എം.സി. 2015, ചട്ടം 104 പ്രകാരം സർക്കാർ അനുമതിക്ക് ശുപാർശ ചെയ്തുകൊണ്ട് 11.12.2020-ലെ കത്ത് മുഖേന മൈനിങ് & ജിയോളജി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി. ലിസമ്മ സെബാസ്റ്റ്യന്റെ പ്രസ്തുത ആവശ്യത്തിന്മേലുള്ള അനിവാര്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ടി റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലാണ് ഫയൽ തീർപ്പാക്കാൻ സാധിക്കാത്തത്. |
| (സി) | മൈനിങ് ആന്റ് ജിയോളജി ഡയറക്ടറോട് ഇത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ട് എത്രനാളായി എന്ന് വ്യക്തമാക്കാമോ; | (സി) | റിപ്പോർട്ട് ആവശ്യപ്പെട്ടത് 16.02.2021 ൽ ആണ്. |

| | | | |
|---|---|---|---|
| (ഡി) | പലയിടത്തായി കിടക്കുന്ന ചെറുപാറകൾ പൊട്ടിച്ച് കൂട്ടിയാൽ മാത്രമേ ആയതിന്റെ അളവ് കണക്കാക്കാൻ സാധിക്കൂ എന്ന് ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടും പ്രസ്തുത പാറയുടെ അളവ് തിട്ടപ്പെടുത്തി നൽകാൻ ആവർത്തിച്ച് ആവശ്യപ്പെടുന്നതിന്റെ യുക്തി എന്തെന്ന് വ്യക്തമാക്കാമോ; | (ഡി) | പാറയുടെ അളവ് തിട്ടപ്പെടുത്തി നൽകാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത ഫയൽ നടപടികൾ എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; അകാരണമായി ഫയൽ താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ഫയൽ നടപടികൾ റിപ്പോർട്ട് ലഭ്യമാക്കി എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ